**STATE INSTITUTE OF TECHNICAL TEACHERS TRAINING & RESEARCH**
Directorate of Technical Education, Govt. of Kerala
**HMT Junction, Kalamassery, Kochi – 683 104**
*E-mail: sitttr@gmail.com*
***Phone & Fax: 0484 2542355*** Web: www.sitttrkerala.ac.in

No.P3/428/2022 Dt. 22/11/2022

**പരിപത്രം**

**ഡിപ്ലോമ - സ്പോട് അഡ്മിഷൻ വഴി ഒഴിവുകൾ നികത്തുന്നതിനുള്ള നിർദ്ദേശങ്ങൾ**

സൂചന : GO(Rt) No. 1707/2022/HEdn, Dated Thiruvananthapuram, 19/11/2022

സംസ്ഥാനത്തെ വിവിധ സർക്കാർ/എയിഡഡ്/IHRD/CAPE/സ്വാശ്രയ പോളിടെക്നിക് കോളേജുകളിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനായി സ്ഥാപനാടിസ്ഥാനത്തിലുള്ള സ്പോട്ട് അഡ്മിഷൻ നവംബർ 23 മുതൽ 29 വരെയുള്ള തീയതികളിൽ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. നിലവിൽ അഡ്മിഷൻ ലഭിച്ചവരിൽ സ്ഥാപന മാറ്റമോ ബ്രാഞ്ച് മാറ്റമോ ആഗ്രഹിക്കുന്നവർക്കും, പുതിയതായി അഡ്മിഷൻ നേടാൻ ആഗ്രഹിക്കുന്നവർക്കും പങ്കെടുക്കാവുന്നതാണ്. നിലവിലെ റാങ്ക് ലിസ്റ്റിൽ വേണ്ടത്ര അപേക്ഷകർ ഇല്ലാത്ത സ്ഥാപനങ്ങളിൽ ഇതുവരെ അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തവർക്ക് പുതുതായി അപേക്ഷ സമർപ്പിച്ച് പ്രവേശനം നേടാൻ അവസരം ഉണ്ടായിരിക്കുന്നതാണ്. പുതുതായി അപേക്ഷ സമർപ്പിക്കാൻ ആഗ്രഹിക്കുന്ന അപേക്ഷകർ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പുതിയ അപേക്ഷകൾ സ്വീകരിക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്തിയതിനു ശേഷം മാത്രം സ്പോട്ട് അഡ്മിഷനിൽ ഹാജരാകാൻ ശ്രദ്ധിക്കേണ്ടതാണ്.

1. പുതിയ അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള ഓപ്ഷൻ അതാത് സ്ഥാപനങ്ങളുടെ Institution login ൽ ഉണ്ടായിരിക്കുന്നതാണ്. അത്തരക്കാർക്ക് ഓൺലൈനായി ഫീസ് അടച്ച് One Time Registration പൂർത്തിയാക്കാവുന്നതും Candidate Login വഴി പുതിയ അപ്ലിക്കേഷൻ സമർപ്പിക്കാവുന്നതുമാണ്. ഓൺലൈൻ ആയി ഫീസ് അടക്കാൻ തടസ്സം നേരിട്ടാൽ അപേക്ഷാ ഫീസ് 0202-02-800-94-OR എന്ന ശീർഷകത്തിൽ നേരിട്ട് സ്ഥാപനങ്ങളിൽ അടക്കാവുന്നതാണ്. സ്ഥാപനങ്ങളിൽ ഫീസ് അടക്കാനുള്ള സൗകര്യം ലഭ്യമല്ലെങ്കിൽ ട്രഷറിയിൽ നേരിട്ട് അടക്കേണ്ടതും ഫീസ് അടച്ച ചലാൻ കോപ്പി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ ഹാജരാക്കേണ്ടതുമാണ്. സ്ഥാപനങ്ങൾ GRN / ETR നമ്പർ Institution login വഴി നിർബന്ധമായും അപ്ഡേറ്റ് ചെയ്യേണ്ടതാണ്. GRN / ETR നമ്പർ അപ്ഡേറ്റ് ചെയ്തതിനു ശേഷം മാത്രമേ അപേക്ഷകർക്ക് പുതിയ അപേക്ഷ സമർപ്പിക്കാൻ സാധിക്കുകയുള്ളൂ.
2. നിലവിലെ റാങ്ക് ലിസ്റ്റിൽ നിന്നും ഒഴിവുകൾ നികത്താൻ സാധിക്കുന്ന സ്ഥാപനങ്ങൾ പുതിയ അപേക്ഷകൾ സ്വീകരിക്കണമെന്നില്ല.

SITTTR KERALA

3. ഒഴിവുകൾ നികത്തുന്നതിന് ആവശ്യമായ അപേക്ഷകർ നിലവിലെ റാങ്ക് ലിസ്റ്റിൽ ഇല്ലെങ്കിൽ അത്തരം സ്ഥാപങ്ങൾക്ക് പുതിയ അപേക്ഷ സ്വീകരിക്കാവുന്നതും നിലവിലെ റാങ്ക് ലിസ്റ്റിൽ അത്തരം അപേക്ഷകരെ ഉൾപ്പെടുത്തേണ്ടതുമാണ്.
4. നിലവിൽ One Time Registration പ്രക്രിയ പൂർത്തിയാക്കി ഫീസ് അടച്ചിട്ടുള്ളവർ പുതിയ അപേക്ഷ സമർപ്പിക്കുവാൻ വീണ്ടും ഫീസ് അടയ്ക്കേണ്ടതില്ല.
5. അപേക്ഷ സമർപ്പണത്തിനുള്ള സൗകര്യങ്ങൾ എല്ലാ സ്ഥാപനങ്ങളും നൽകേണ്ടതാണ്.
6. സ്ഥാപനമാറ്റം ആഗ്രഹിക്കുന്നവർ അഡ്മിഷൻ സ്ലിപ്പും സർട്ടിഫിക്കറ്റുകളുടെ പകർപ്പും ഹാജരാക്കേണ്ടതാണ്.
7. സ്ഥാപനങ്ങൾ സ്പോട്ട് അഡ്മിഷൻ തീയതി നിശ്ചയിക്കുമ്പോൾ ആ ജില്ലയിലെ മറ്റു സ്ഥാപന മേധാവികളുമായി കൂടിയാലോചിച്ച് അപേക്ഷകർക്ക് സൗകര്യപ്രദമായ രീതിയിൽ നടത്തേണ്ടതാണ്.
8. സ്വാശ്രയ പോളിടെക്നിക് കോളേജുകളിലെ മാനേജ്മെന്റ് ക്വാട്ട സീറ്റുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾ സർട്ടിഫിക്കറ്റുകളുടെ പകർപ്പും, അഡ്മിഷൻ സ്ളിപ്പോ ഫീസ് അടച്ചതിന്റെ രസീതോ അഡ്മിഷൻ ലഭിച്ചതിന്റെ രേഖകളോ ഹാജരാക്കേണ്ടതാണ്.
9. അഡ്മിഷന് ഹാജരാകുന്ന തീയതി വരെയുള്ള വിവിധ സർട്ടിഫിക്കറ്റുകൾ (യോഗ്യതാ സർട്ടിഫിക്കറ്റ് ഉൾപ്പെടെ) പരിഗണിക്കാവുന്നതാണ്.
10. സ്വാശ്രയ പോളിടെക്നിക് കോളേജുകളിലെ ഗവണ്മെന്റ് സീറ്റുകളിലേക്കുള്ള പ്രവേശനം സംബന്ധിച്ച് ഈ ഓഫീസിൽ നിന്നും 18/10/22 തീയതിയിൽ P3/428/22 നമ്പർ പ്രകാരം അയച്ച നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.
11. പുതിയ അപേക്ഷകൾ അഡ്മിഷൻ പോർട്ടലിൽ upload ചെയ്തതിനു ശേഷം Re-rank ചെയ്യേണ്ടതാണ്.
12. സ്പോട് അഡ്മിഷന് ഹാജരാകുന്ന അപേക്ഷകരെ Day Registration എന്ന ലിങ്ക് വഴി രജിസ്റ്റർ ചെയ്യേണ്ടതാണ്. നിലവിലെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർ ഹാജരായാൽ അവരെയും Day Registration ലിങ്ക് വഴി രജിസ്റ്റർ ചെയ്യേണ്ടതാണ്.
13. നിലവിലെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരെയും പുതുതായി അപേക്ഷ നല്കിയവരെയും ഉൾപ്പെടുത്തി ലഭിക്കുന്ന റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിലായിരിക്കും ഒഴിവുകൾ നികത്തുക. നേരത്തെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് അധിക പരിഗണന നൽകുന്നതല്ല.
14. റഗുലർ ഡിപ്ലോമ അഡ്മിഷൻ സംബന്ധിച്ച എല്ലാ നടപടിക്രമങ്ങളും **29/11/2022 ന വൈകിട്ട് 6 മണിക്കുള്ളിൽ** പൂർത്തീകരിക്കേണ്ടതാണ്.

STATE INSTITUTE OF TECHNICAL TEACHERS TRAINING & RESEARCH, KALAMASSERY-683104
GOVERNMENT OF KERALA
DEPT. OF TECHNICAL EDUCATION

Tomy

ജോയിന്റ് ഡയറക്ടർ

JOINT DIRECTOR
STATE INSTITUTE OF TECHNICAL TEACHERS TRAINING & RESEARCH
HMT JUNCTION, KALAMASSERY
PIN - 683 104

SITTTR KERALA